പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 265

26.09.2011-ലെ മറുപടിക്ക്
**ഗ്രേഡ് ലഭിച്ച സ്കെയിലിൽ ഓപ്ഷൻ നൽകുന്നതിനുള്ള അനുമതി**

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>ബഹു:ധനകാര്യവകുപ്പ് മന്ത്രി |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവ് ജി.ഒ.(പി) നം. 85/11/ ഫിൻ തീയതി 26.02.2011 അനുബന്ധം II ലെ ഖണ്ഡിക 7(2) റൂൾസ് ഫോർ ഫിക്സേഷൻ പ്രകാരം 01.07.2009 നും ശമ്പള പരിഷ്ക്കരണ ഉത്തരവ് തീയതിക്കും ഇടയിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കപ്പെട്ട ജീവനക്കാർക്ക് ഗ്രേഡ് ലഭിച്ച സ്കെയിലിൽ ഓപ്ഷൻ നൽകുന്നതിനുള്ള അനുമതി നൽകിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 26/02/2011 ലെ ജി.ഒ.(പി) നം. 85/11/ ഫിൻ ഉത്തരവിൻെറ അനുബന്ധം II ലെ ഖണ്ഡിക 7(2) ലെ ഫിക്സേഷൻ റൂൾസ്, 9-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻെറ ഇതുസംബന്ധി ച്ചുള്ള ശുപാർശയുടെ അടിസ്ഥാനത്തിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | മുൻ വർഷങ്ങളിലെ ശമ്പള പരിഷ്ക്കരണ ഉത്തരവുകളിൽ ഇത്തരത്തിൽ ഗ്രേഡ് ഓപ്ഷൻ നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇപ്പോഴത്തെ ശമ്പള പരിഷ്ക്കരണ ത്തിലെ ഉത്തരവിലും 01.07.2009 നും ശമ്പള പരിഷ്ക്കരണ ഉത്തരവ് തീയതിക്കും ഇടയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രേഡിന് ഓപ്ഷൻ അനുവദിക്കുന്നതിനുള്ള ഉത്തരവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | ഇക്കാര്യം പരിഗണിക്കാമോ എന്നത് സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടു ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ